
# ഫാ. ജോർജ്ജ് കുറ്റിക്കൽ എം.സി.ബി.എസ് - ജീവിതരേഖ
# (1950 - 2017)



*ആകാശത്തിനപ്പുറത്തേയ്ക്ക് യാത്രയായ, ആകാശപ്പറവകളുടെ കൂട്ടുകാരനായ പുണ്യപിതാവേ വന്ദനം!*

ഭാരത കത്തോലിക്കാ സഭ കണ്ട ഏറ്റവും പ്രഗത്ഭരായ ദിവ്യകാരുണ്യ പ്രേഷിതരിൽ ഒരാളായിരുന്നു ഫാ. ജോർജ്ജ് കുറ്റിക്കൽ എം.സി.ബി.എസ്. ഒരിക്കൽ കണ്ടാൽ അദ്ദേഹത്തെ ആരും മറക്കില്ല. കാരണം, അത്ര മാത്രം വ്യക്തികളിൽ സ്വാധീനം ചെലുത്താൻ കഴിവുള്ള നല്ല വൈദികനായിരുന്നു അദ്ദേഹം. കുറ്റിക്കലച്ചൻ പോകാത്ത ദേശങ്ങളില്ല ഇന്ത്യയിൽ എന്നുപറയാം. അത്രമാത്രം ഇന്ത്യയെ കണ്ടെത്തിയ, ഇന്ത്യയിലെ പാവപ്പെട്ടവരെ- പ്രത്യേകിച്ച് ഭിക്ഷാടകരെ സ്നേഹിച്ച, മഹാനായ മനുഷ്യസ്നേ ഹിയും ദിവ്യകാരുണ്യ പ്രഘോഷകനും സാമൂഹ്യ പ്രവർത്തകനും ആയിരുന്നു ഫാ. ജോർജ്ജ് കുറ്റിക്കൽ എം.സി.ബി.എസ്.

**ജനനവും - ബാല്യവും**

ചങ്ങനാശ്ശേരി അതിരൂപതയിലെ അമ്പലപ്പുഴ പുറക്കാട്, കുറ്റിക്കൽ പരേതരായ പി.സി. ജോസഫിന്റെയും ത്രേസ്യാമ്മയുടേയും ഏഴു മക്കളിൽ രണ്ടാമനായി 1950 ജനുവരി 11-ന് ജോർജ്ജ് കുറ്റിക്കൽ ജനിച്ചു. മമ്മോദീസാ പേര് വർക്കി. എസ്. എസ്. എൽ.സി. ബുക്കിലെ പേര് ജോർജ് പി.ജെ. ഏഴു മക്കളിൽ മൂന്ന് ആണും നാല് പെണ്ണും. ഗ്രിഗറി വി.ജെ, സണ്ണി പി.ജെ എന്നിവർ സഹോദരങ്ങളും വിമലാമ്മ ആന്റണി, ലില്ലിക്കുട്ടി തോമസ്, സിസ്റ്റർ ആൻ ജോസ് സി.എച്ച്.എഫ്, മോളിക്കുട്ടി എന്നിവർ സഹോദരിമാരുമാണ്. സഹോദരി സിസ്റ്റർ ആൻജോസ് ഹോളി ഫാമിലി സഭയിൽ ഗുജറാത്തിൽ സേവനമനുഷ്ഠിക്കുന്നു. പാവങ്ങ ളോട് കരുണ കാണിച്ചിരുന്ന മാതാപിതാക്കളുടെ ജീവിതം ദർശിച്ച് അദ്ദേഹത്തെ ബാല്യ ത്തിൽ ഏറെ സ്വാധീനിച്ചിരുന്നു.

**ദിവ്യകാരുണ്യ മിഷനറി സഭയിലേക്ക്**

ഫാ. മാത്യു ആലക്കളം, ഫാ. ജോസഫ് പറേടം എന്നീ ശ്രേഷ്ഠവൈദികരാൽ സ്ഥാപിതമായ ദിവ്യകാരുണ്യ മിഷനറി സഭയിലേക്ക് 1967 ജൂൺ 3- ന് ജോർജ്ജ് കുറ്റിക്കൽ കടന്നു വന്നു. അതിരമ്പുഴ ലിസ്യൂ മൈനർ സെമിനാരിയിലായിരുന്നു വൈദിക പരിശീലനത്തിന്റെ ഒന്നാം വർഷം ചിലവഴിച്ചത്. കോട്ടയം, കടുവാക്കുളത്തെ മദർ ഹൗസിലാ യിരുന്നു രണ്ടാം വർഷപരിശീലനം. നോവിഷേറ്റും അവിടെത്തന്നെ. 1970 ജൂൺ 11- ന് ആദ്യ വ്രതവാഗ്ദാനം നടത്തി. ബഹുമാനപ്പെട്ട കണിപ്പള്ളിൽ മാത്യു അച്ചനായിരുന്നു നവസന്യാസഗുരു. 1973 ജൂലൈ 3-ന് സഭാവസ്ത്രം സ്വീകരിച്ചു. നിത്യവ്രതവാഗ്ദാനം 1975 മെയ് 17-ന്. ഫിലോസഫി-തിയോളജി പഠനം ആലുവ കാർമ്മൽഗിരി-മംഗലപ്പുഴ സെമിനാരികളിൽ. 1977 മെയ് 15-ന് ബിഷപ് സെബാസ്റ്റ്യൻ മങ്കുഴിക്കരിയിൽ നിന്നും പൗരോഹിത്യം സ്വീകരിച്ചു.

**സഭയിലെ പ്രേഷിത മേഖലകൾ**

പുരോഹിതനായി അഭിഷിക്തനായ കുറ്റിക്കലച്ചന്റെ ആദ്യനിയമനം കടുവാക്കുളം മദർഹൗസിൽ, സഭയുടെ വൊക്കേഷൻ പ്രൊമോട്ടർ ആയിട്ടായിരുന്നു. തുടർന്ന് ആലുവ സ്റ്റഡി ഹൗസിൽ പ്രൊക്കുറേറ്റർ ആയി നിയമിതനായി. അതിന്ശേഷം അദ്ദേഹം പ്രവർത്തിച്ചത് ദിവ്യകാരുണ്യമിഷനറി സഭയുടെ ധ്യാനശുശ്രൂഷയായ ദിവ്യകാരുണ്യധ്യാന പ്രഘോഷണ മേഖലയിൽ ആയിരുന്നു. ഇതിനിടയിൽ, പാലക്കാട് കത്തീഡ്രൽ സഹവികാരിയായും മുപ്പത്തടം ഇടവക വികാരിയായും സേവനം ചെയ്തു. ദിവ്യകാരുണ്യധ്യാന പ്രഘോഷണ ത്തിനായി അദ്ദേഹം ആലുവാ ചുണങ്ങംവേലിയിലുള്ള എം.സി.ബി.എസ് ജനറലേറ്റ്, മലയാറ്റൂരുള്ള സന്നിധാന ആശ്രമം എന്നിവ കേന്ദ്രമാക്കി പ്രവർത്തിച്ചു. തുടർന്നാണ് അദ്ദേഹം തന്റെ പ്രവർത്തനമേഖല പൂർണ്ണമായും ആകാശപ്പറവകൾക്കായി മാറ്റി വയ്ക്കുന്നതും തൃശൂർ ചെന്നായ്പ്പാറയിലുള്ള ആശ്രമത്തിലെ അംഗമാകുന്നതും.

**ആകാശപ്പറവകളുടെ കൂട്ടുകാർ (FBA)**

പ്രമുഖ പക്ഷി നിരീക്ഷകൻ സലിം അലിയുടെ പക്ഷി വളർത്തൽ കേന്ദ്രം സന്ദർശിച്ചതാണ് ആകാശപ്പറ വകളുടെ കൂട്ടുകാർ (FBA) എന്ന പ്രസ്ഥാനത്തിന്റെ സ്ഥാപനത്തിലേക്ക് അദ്ദേഹത്തെ നയിച്ചത്. ദേശാടനം നടത്തി വരുന്ന സൈബീരിയൻ കൊക്കുകൾക്കുപോലും പേരിടുകയും വിവരങ്ങൾ ഫയലിൽ സൂക്ഷിക്കുകയും ഫയലുകൾ ഇവ പറന്നെത്തുന്ന ഇടങ്ങളിലെ പക്ഷിസംരക്ഷകർക്ക് അയച്ചു കൊടുക്കുകയും ചെയ്യുന്നത് അദ്ദേഹത്തെ അത്ഭുതപ്പെടുത്തി. എന്നാൽ മറ്റ് ജീവികളേക്കാൾ ഏറെ വിലയുള്ള മനുഷ്യനെക്കുറിച്ച് പഠന ങ്ങളും നിരീക്ഷണങ്ങളും എന്തുകൊണ്ട് നടക്കുന്നില്ല എന്ന ചോദ്യത്തിൽ നിന്നാണ് ആകാശപ്പറവകളുടെ കൂട്ടുകാർ എന്ന സ്ഥാപനം ആരംഭിക്കാൻ ജോർജ്ജ് കുറ്റിക്കലച്ചൻ തീരുമാനിച്ചത്.

അങ്ങനെ തൃശൂർ ജില്ലയിലെ പീച്ചി ഡാമിനടുത്ത് പുത്തൂർ പഞ്ചായത്തിലെ ചെന്നായപ്പാറയിൽ ഇവർക്ക് ഭവനം ഒരുക്കാൻ എംസിബിഎസ് സഭാ സമൂഹം സ്ഥലം വാങ്ങിച്ചു. ജീവിച്ചിരിക്കേ തന്നെ വിശുദ്ധയെന്ന് ജനങ്ങൾ പേരുവിളിച്ച മദർ തെരേസ 1994 ജനുവരി 18 ന് ഇത് ഉദ്ഘാടനം ചെയ്തു.

**ഇന്ത്യയുടെ വിവിധ ഭാഗങ്ങളിലേക്ക്**

ചെന്നായ്പ്പാറ ആശ്രമത്തിലെ ശുശ്രൂഷകൾക്ക് ശേഷം അദ്ദേഹം കാഞ്ഞങ്ങാട്ടുള്ള നെല്ലിപ്പാറയിൽ തന്റെ പ്രവർത്തനങ്ങൾ കേന്ദ്രീകരിച്ചു. പിന്നീട് കാഞ്ഞങ്ങാട് തന്നെയുള്ള നായ്ക്കുട്ടിപ്പാറയിലേക്ക് മാറി ശുശ്രൂഷ തുടർന്നു. അതിനുശേഷം കേരളത്തിനുപുറത്തുള്ള പ്രവർത്തനങ്ങളിലേക്കാണ് കുറ്റിക്കലച്ചൻ ശ്രദ്ധകേന്ദ്രീകരിച്ചത്. ആന്ധ്ര, ഡൽഹി, കാശ്മീർ എന്നിവിടങ്ങളിൽ സഞ്ചരിച്ച് ഭിക്ഷാടകർക്കുവേണ്ടിയുള്ള പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചു. തുടർന്ന് അദ്ദേഹം തന്റെ പ്രവർത്തന കേന്ദ്രമാക്കിയത് കൊടകരയ്ക്കടുത്തുള്ള കനകമലയായിരുന്നു. അതിനുശേഷമാണ് അദ്ദേഹം മലയാറ്റൂർ മാർവാലാഹ് ആശ്രമം സ്ഥാപിക്കുന്നതും അവിടെ താമസിച്ച് ശുശ്രൂഷകൾ തുടരുന്നതും. ദരിദ്രർക്കും ഭിക്ഷാടകർക്കുമായി ജീവിതം മുഴുവൻ മാറ്റിവച്ച അദ്ദേഹം തന്റെ അന്ത്യകാലം ചിലവഴിച്ചത് മലയാറ്റൂർ മാർവാലാഹ് ആശ്രമത്തിലായിരുന്നു.

**ബഹുമാനപ്പെട്ട കുറ്റിക്കലച്ചൻ തുടങ്ങിയ പ്രസ്ഥാനങ്ങൾ**

1. ആകാശപ്പറവകളുടെ കൂട്ടുകാർ (FBA)

2. ദിവ്യകാരുണ്യ ഉടമ്പടി സമൂഹം, സ്ത്രീകൾക്കും പുരുഷന്മാർക്കും

3. പ്രോലൈഫ് മൂവ്മെന്റ്

4. വിവാഹം കഴിക്കാത്ത അമ്മമാർക്കുള്ള മിനിസ്ടി (Unwed mothers)

5. ചുവന്ന തെരുവിലെ സ്ത്രീകൾക്കുള്ള മിനിസ്ട്രി (White angels)

6. ആത്മഹത്യാ പ്രവണതയുള്ളവർക്കുള്ള മിനിസ്ടി (Dial before you die)

7. തെരുവിലെ കുഞ്ഞുങ്ങൾക്കുള്ള മിനിസ്ടി (Gurukulam Ministry)

8. ഡ്രഗ് അഡിക്സ് യൂത്തിനുള്ള മിനിസ്ടി (Eucharistic Youth Ministry)

9. ഭിക്ഷാടകർക്കായുള്ള സെന്ററുകൾ (Rehabilitation Centre)

10. റീഹാബിലിറ്റേഷൻ (വീട് വിട്ട് പോന്നവരെ വീട്ടിലെത്തിക്കുന്ന മിനിസ്ട്രി)

11. ആകാശപ്പറവകളുടെ കൂട്ടുകാർ (മാസിക)

12. എഫ്ഫാത്ത (English News letter)

**അവസാന കാലം**

ദരിദ്രർക്കും ഭിക്ഷാടകർക്കുമായി ജീവിതം മാറ്റിവച്ച കുറ്റിക്കലച്ചന്റെ ആരോഗ്യം ക്രമേണ ക്ഷയിച്ചുവന്നു. കരൾസംബ ന്ധമായ രോഗത്താൽ കഴിഞ്ഞ കുറച്ചു നാളുകളായി കുറ്റിക്കലച്ചൻ ചികിത്സയിൽ ആയിരുന്നു. 2017 ഡിസംബർ തുടക്കത്തിൽ രോഗം മൂർച്ഛിച്ചപ്പോൾ എറണാകുളത്തെ സ്വകാര്യ ആശുപത്രിയിൽ അദ്ദേഹത്തെ പ്രവേശിപ്പിച്ചു.

**മുൻകൂട്ടി കണ്ട അവസാന നിമിഷങ്ങൾ**

കുറച്ചു നാളായി ചികിത്സയിലായിരുന്ന അച്ചനെ ഒരാഴ്ച മുൻപാണ് മലയാറ്റൂരിലെ മാർവലാഹ് ആശ്രമത്തിലേയ്ക്ക് വീണ്ടും കൊണ്ട് വന്നത്. തന്റെ അസ്വസ്ഥതകൾക്കിടയിലും ദൈവത്തോട് കൂടുതൽ അടുത്തിരിക്കാനും പ്രാർത്ഥിക്കാനും അദ്ദേഹം ശ്രമിച്ചിരുന്നു. അവസാനനാളുകളിൽ അദ്ദേഹത്തെ കാണാനും സംസാരിക്കുന്നതിനുമായി നിരവധി ആളുകളാണ് എത്തിയിരുന്നത്. അവരോടൊക്കെ അച്ചന് ഒരു കാര്യമേ പറയാനുണ്ടായിരുന്നുള്ളു; “എനിക്കുവേണ്ടി പ്രാർത്ഥിക്കണം.” തന്നെ കാണാനെത്തിയ വൈദികരുടെ പക്കൽ നിന്നും ആശീർവാദം സ്വീകരിക്കാനും പ്രാർത്ഥിക്കാനും അദ്ദേഹം താൽപര്യം കാണിച്ചിരുന്നു. ഒരിക്കൽ തന്നെ കാണാനെത്തിയ ഒരാളോട് ഈ വർഷം ഞാൻ ക്രിസ്തുമസ് ആഘോഷിക്കുക സ്വർഗ്ഗത്തിൽ ആയിരിക്കും എന്ന് പറഞ്ഞിരുന്നു. പ്രാർത്ഥിച്ചു ഒരുങ്ങിയുള്ള ഒരു മരണമായിരുന്നു കുറ്റിക്കലച്ചന്റേത്.

**അന്ത്യനിമിഷങ്ങൾ**

2017 ഡിസംബർ 19 ചൊവ്വാഴ്ച അച്ചൻ പതിവിലേറെ സന്തോഷവാനായും ഉത്സാഹ വാനായും കാണപ്പെട്ടു.

"ഇന്നലെ അച്ചൻ വളരെ ഉന്മേഷവാനായിരുന്നു. രോഗം മൂർച്ഛിച്ചതിന് മുൻപുള്ള സമയത്തെ പ്രസന്നത മുഖത്ത്. രാത്രി 9 മണിക്ക് അദ്ദേഹം ഉറങ്ങാൻ കിടന്നപ്പോൾ യാതൊരു അസ്വസ്ഥതയും ഇല്ലായിരുന്നു." കുറ്റിക്കലച്ചനെ ശുശ്രൂഷിച്ചിരുന്ന സിസ്റ്റർ സിസിലിയാമ്മ പറഞ്ഞു. ഒന്നുനിർത്തിയിട്ട് കണ്ണീരോടെ തുടർന്നു. "രാത്രി 9.30-ഓടുകൂടിയാണ് ചെറിയ ചുമ ആരംഭിച്ചത്. ചുമ ശക്തമായി തുടർന്നു. അത് ഒടുവിൽ അദ്ദേഹത്തെ മരണത്തിലേക്ക് നയിച്ചു."

മരണസമയത്ത് എംസിബിഎസ് മാർവാലാഹ് ആശ്രമത്തിൽ അച്ചനോടൊപ്പം കഴിഞ്ഞ ആറ് വർഷമായി പ്രവർത്തിച്ചിരുന്ന ഫാ. റോണിസ് മാത്യു തുണ്ടത്തിലും അച്ചൻ സ്ഥാപിച്ച സഭകളിലെ അംഗങ്ങളും ചുറ്റും ഉണ്ടായിരുന്നു. 2017 ഡിസംബർ 20 പുലർച്ചേ 1.50-ന് അദ്ദേഹത്തിന്റെ മരണം ഡോക്ടർ സ്ഥിരീകരിച്ചു.

തെരുവിലെ അഗതികൾക്കും അനാഥർക്കുമായി അച്ചൻ നീക്കി വച്ചതു തന്റെ ജീവിതം തന്നെയാണ്. തന്റെ ജീവിതത്തിലൂടെ അനേകരെ നന്മയിലേക്കും വിശുദ്ധിയിലേക്കും കൊണ്ട് വരാൻ ഒരു ധ്യാനഗുരു കൂടിയായ അച്ചന് കഴിഞ്ഞിരുന്നു. മഹാനായ ഈ ദിവ്യകാരുണ്യപ്രേഷിതന്റെ ജീവിതംകൊണ്ടു സ്വാധീനിക്കപ്പെട്ടവർ പതിനായിരക്കണ ക്കിനാണ്. വീട് കിട്ടിയവർ, ജീവിതം കിട്ടിയവർ, പുതിയ ആകാശവും ഭുമിയും കിട്ടിയവർ, നഷ്ട സ്വപ്നങ്ങൾ വീണ്ടുകിട്ടിയവർ- അങ്ങനെ അനേകർ. ഓരോരുത്തർക്കും പറയാനുള്ളത് ഓരോ കഥ; എല്ലാം പ്രതീക്ഷയുടെ വിജയകഥകൾ. ഭൂമിയിലെ തന്റെ കർത്തവ്യങ്ങൾ പൂർത്തിയാക്കി അച്ചൻ കടന്നു പോകുമ്പോൾ താൻ തുടങ്ങിവച്ച ദൗത്യം പിന്തുടരാനുള്ള വലിയ ഒരു കർത്തവ്യമാണ് അച്ചൻ നമ്മെ ഏൽപ്പിച്ചിരിക്കുന്നത്. ലോകം ഉള്ളിടത്തോളം കാലം ഈ പുരോഹിതന്റെ പുണ്യപ്രവർത്തികൾ ഇവിടെ ജ്വലിച്ചു നിൽക്കും.

പുണ്യപിതാവേ വന്ദനം!